മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പ്രശ്നം പരിശോധിച്ചിട്ടുണ്ട്. ഉൾവന മേഖലകളിൽ നിലവിലുള്ള ചെറിയ കോളനികളിലേക്ക് വൈദ്യുതി എത്തിക്കാൻ കിലോമീറ്ററുകൾ നീളത്തിൽ ലൈൻ വലിക്കേണ്ടതുണ്ട്. ഇപ്രകാരം ലൈൻ വലിക്കുന്നതിന് വേണ്ടിവരുന്ന ചെലവിനനുസരിച്ച് വരുമാനം ലഭിക്കുന്ന വിധത്തിൽ ഉപഭോക്താക്കളില്ലാത്തതിനാൽ അത്തരം ലൈനുകൾ സാമ്പത്തിക ക്ഷമതയില്ലാത്തതാണ്. പഞ്ചായത്ത് ഫണ്ട്, ജനപ്രതിനിധികളുടെ ഫണ്ട്, പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായുള്ള ഫണ്ട് എന്നിവയിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നതനുസരിച്ചാണ് ഇത്തരം ലൈനുകൾ നിർമ്മിച്ചുവരുന്നത്. ഇതു കൂടാതെ പാരമ്പര്യേതര ഊർജ്ജം ഉപയോഗിച്ച് കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നുണ്ട്.

(സി) കേന്ദ്ര വനസംരക്ഷണ നിയമം അനുസരിച്ചുള്ള അനുമതിക്കു വിധേയമായി മാത്രമേ വനമേഖലകളിലൂടെ വൈദ്യുതി ലൈൻ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ എന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ഡി) ഇത്തരം കേസുകളിൽ അനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ദ്രവീകൃത പ്രകൃതി വാതക പദ്ധതി

* 21 [171] ഡോ. തോമസ് ഐസക്:
ശ്രീ. സാജുപോൾ:
,, രാജു എബ്രഹാം:
,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രവീകൃത പ്രകൃതി വാതക (എൽ.എൻ.ജി.) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്ന ഏജൻസി ഏതാണ്; ഏതെല്ലാം ഏജൻസികൾ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കുമേണ്ടി ശ്രമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന ഗവൺമെന്റ് ഏതു പദ്ധതിക്കുവേണ്ടിയാണ് ശ്രമം നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ഡി) പുതുതായി അധികാരത്തിൽ വന്ന കേന്ദ്ര ഗവൺമെന്റിന് നിർദ്ദിഷ്ട പദ്ധതിയോടുള്ള സമീപനം എന്താണെന്ന് അറിയാമോ;

(ഇ) എൽ.എൻ.ജി. പദ്ധതിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും; നിർദ്ദിഷ്ട പദ്ധതിയിൽനിന്നും ഏതെല്ലാം പദ്ധതികൾക്ക് പ്രകൃതി വാതകം നൽകുവാൻ കഴിയും; ഇതിന്റെ അളവ് എത്രയെന്നും എത്ര കിലോ മീറ്ററോളം പൈപ്പ്‌ലൈൻ വേണ്ടി വരുമെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) കൊച്ചിയിലെ നിർദ്ദിഷ്ട എൽ.എൻ.ജി. ടെർമിനലിന് നിലവിൽ തടസ്സങ്ങളൊന്നും കാണുന്നില്ല.

(ബി) ടെർമിനൽ പദ്ധതിയ്ക്കായി കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതി നേടിയിട്ടുള്ളത് പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് ആണ്. വാതക പൈപ്പ് ലൈനിനുവേണ്ടി സർവേ നടത്തി സ്ഥലമെടുപ്പ് നടപടികൾ നടത്തുന്നത് ഗെയിൽ ഇൻഡ്യ ലിമിറ്റഡ് ആണ്. ഗ്യാസ് ഗ്രിഡ് നടപ്പാക്കുന്നതിന് ഗെയിൽ കേന്ദ്ര ഗവൺമെന്റ് അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ഗവൺമെന്റ് എൽ.എൻ.ജി. ടെർമിനൽ, വാതക പൈപ്പ് ലൈൻ പദ്ധതികൾക്കുവേണ്ടിയും എൻ.ടി.പി.സി.-യുടെ താപവൈദ്യുത പദ്ധതിയുടെ വികസനത്തിനു വേണ്ടിയും ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) പുതിയ കേന്ദ്ര സർക്കാരിൽ നിന്നും വളരെ അനുകൂലമായ സമീപന മാണ് ഇക്കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

(ഇ) നിർദ്ദിഷ്ട പദ്ധതിയിൽനിന്ന് എഫ്.എ.സി.ടി., ബി.എസ്സ്.ഇ.എസ്സ്., കൊച്ചി റിഫൈനറി, എച്ച്.ഒ.സി., കായംകുളം തെർമ്മൽ പവർ പ്രോജക്ട്, കെ.എം.എം.എൽ. മുതലായ സ്ഥാപനങ്ങൾക്കും കേരളത്തിലെ മറ്റ് വ്യവസായ സ്ഥാപനങ്ങൾക്കും പ്രകൃതി വാതകം നൽകാൻ കഴിയും. കായംകുളം എൻ.റ്റി.പി.സി.-യുടെ പദ്ധതിക്കു മാത്രം വർഷത്തിൽ രണ്ട് മില്യൺ ടൺ എൽ.എൻ.ജി. ആവശ്യമുണ്ട്. മറ്റുള്ളവ കണക്കാക്കിയിട്ടില്ല. കൊച്ചി ടെർമിനൽ പദ്ധതിയുടെ വാർഷികശേഷി 2.5 മില്യൺ ടൺ ആണ്. കേരളത്തിനകത്ത് 540 കി. മീ. പൈപ്പ് ലൈനാണ് വിഭാവന ചെയ്യുന്നത്.

പാത്രക്കടവ് ജലവൈദ്യുത പദ്ധതി

* 22 [172] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എ. സുജനപാൽ:
,, കെ. എ. ചന്ദ്രൻ:
,, എൻ. ഡി. അപ്പച്ചൻ:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലന്റ് വാലി പദ്ധതിക്ക് പകരം പാത്രക്കടവ് ജലവൈദ്യുത പദ്ധതിയുടെ പണി ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായോ;

(ഡി) ഈ പദ്ധതിയിൽനിന്നും എത്ര വൈദ്യുതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു;

(ഇ) ഇതിന്റെ പണി എന്നാരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly